LIBRARY ARCHIVES Kerala Legislative Assembly

തിരൂരങ്ങാടി മണ്ഡലത്തിൽ മരാമത്ത് പണികൾ

47 [1457] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കടലുണ്ടിക്കടവ്, പനമ്പുഴക്കടവ്, കുണ്ടമൺ കടവ് പാലങ്ങളുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ;

(ബി) ടെൻഡർ നൽകിക്കഴിഞ്ഞ പെരുമാട് ടൗൺ വിപുലീകരണ പ്രവൃത്തി ആരംഭിക്കാൻ താമസിക്കുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പ്രവൃത്തി അടിയന്തിരമായി ആരംഭിക്കാൻ നിർദ്ദേശം നൽകുമോ;

(സി) മലപ്പുറം ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള ടെൻഡർ വിളിച്ചിട്ടുണ്ടോ;

(ഡി) നബാർഡിന്റെ ധനസഹായത്താൽ നിർമ്മിക്കാൻ ഭരണാനുമതി നൽകിയ കാര്യാട്ട് കടവ്, മാതാപ്പുഴ, പെരുംതുരുത്തി കടവ് എന്നീ പാലങ്ങളുടെ നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ നടത്തി പ്രോജക്ട് റിപ്പോർട്ട് നബാർഡിന് സമർപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ഇതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കടലുണ്ടിക്കടവ് പാലം ഏകദേശം രണ്ടുവർഷത്തിനകവും പനമ്പുഴക്കടവ് പാലം ഏകദേശം ഒരു വർഷത്തിനകവും കുണ്ടമൺകടവ് പാലം ഏകദേശം ഒന്നര വർഷത്തിനകവും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കേണ്ടതിനാലാണ് പണികൾ വൈകുന്നത്. കയ്യേറ്റക്കാരെ ഒഴിപ്പിച്ച് പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ കാര്യമായ കാലതാമസം ഉണ്ടായിട്ടില്ല.

പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പാലങ്ങളുടെ പണി പൂർത്തിയാക്കാൻ നടപടി

48 [1458] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പാണപ്പുഴപാലം, പുതിയപുഴ പാലം, തോട്ടംകടവ് പാലം എന്നീ പാലങ്ങളുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയുണ്ടായോ;